പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 93

# 2022-ലെ കേരള ധനവിനിയോഗ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 93

# 2022-ലെ കേരള ധനവിനിയോഗ ബിൽ

212/2022(i).

ബിൽ നമ്പർ 93

# 2022-ലെ കേരള ധനവിനിയോഗ ബിൽ

2021-2022 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി
കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില
തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും
ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2021-22 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു : —

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2022-ലെ കേരള ധനവിനിയോഗ ആക്റ്റ് എന്ന് പേര് പറയാം.

2. 2021-22 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 19345,97,67,000 രൂപ നൽകൽ.—2021-2022 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം പത്തൊൻപതിനായിരത്തി മുന്നൂറ്റി നാൽപത്തിയഞ്ച് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹) | ആകെ (₹) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യൂ | 16,03,10,000 | *8,02,000* | 16,11,12,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 51,57,26,000 | .. | 51,57,26,000 |
| 3 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 96,33,25,000 | *3,34,00,000* | 99,67,25,000 |
| 4 | V | ചരക്കുസേവന നികുതിയും, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | റവന്യൂ | 39,01,00,000 | .. | 39,01,00,000 |
| 5 | VI | ഭൂനികുതി | റവന്യൂ | 41,00,00,000 | .. | 41,00,00,000 |
| 6 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യൂ | 51,97,23,000 | .. | 51,97,23,000 |
| 7 | VIII | എക്സൈസ് | റവന്യൂ | 17,00,00,000 | .. | 17,00,00,000 |
| 8 | IX | വാഹന നികുതികൾ | റവന്യൂ | 34,50,00,000 | .. | 34,50,00,000 |
| 9 | | കടബാദ്ധ്യതകൾ | റവന്യൂ | .. | *1593,52,39,000* | 1593,52,39,000 |
| 10 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 36,15,40,000 | .. | 36,15,40,000 |
| 11 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 87,88,15,000 | .. | 87,88,15,000 |
| 12 | XII | പോലീസ് | റവന്യൂ | 724,20,48,000 | *1,81,75,000* | 726,02,23,000 |
| 13 | XIII | ജയിലുകൾ | റവന്യൂ | 2,58,80,000 | .. | 2,58,80,000 |
| 14 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 9,40,01,000 | *6,56,000* | 9,46,57,000 |
| | | | മൂലധനം | 2,00,00,000 | .. | 2,00,00,000 |
| 15 | XV | പൊതുമരാമത്ത് | റവന്യൂ | 137,71,00,000 | *1,68,86,000* | 139,39,86,000 |
| | | | മൂലധനം | 1551,81,51,000 | *43,55,16,000* | 1595,36,67,000 |
| 16 | XVI | പെൻഷനും പലവകയും | റവന്യൂ | 4998,24,49,000 | .. | 4998,24,49,000 |
| 17 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 1586,50,19,000 | *96,82,000* | 1587,47,01,000 |
| | | | മൂലധനം | 202,27,21,000 | *1,35,09,000* | 203,62,30,000 |
| 18 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 1463,95,67,000 | .. | 1463,95,67,000 |
| | | | മൂലധനം | 96,05,64,000 | *14,54,01,000* | 110,59,65,000 |
| 19 | XIX | കുടുംബക്ഷേമം | റവന്യൂ | 197,00,00,000 | .. | 197,00,00,000 |
| 20 | XX | ശുദ്ധജലവിതരണവും ശുദ്ധീകരണവും | മൂലധനം | 1511,22,37,000 | .. | 1511,22,37,000 |
| 21 | XXI | ഭവനനിർമ്മാണം | റവന്യൂ | 20,28,75,000 | *12,00,000* | 20,40,75,000 |
| | | | മൂലധനം | 3,90,44,000 | *16,88,000* | 4,07,32,000 |
| 22 | XXII | നഗരവികസനം | റവന്യൂ | 1,000 | .. | 1,000 |
| 23 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | റവന്യൂ | 122,40,98,000 | .. | 122,40,98,000 |
| | | | മൂലധനം | 6,89,01,000 | .. | 6,89,01,000 |
| 24 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 80,00,00,000 | .. | 80,00,00,000 |
| | | | മൂലധനം | 63,92,01,000 | .. | 63,92,01,000 |
| 25 | XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | .. | *4,15,000* | 4,15,000 |

| *(1)* | | *(2)* | | *(3)* | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത്* (₹) | *സഞ്ചിതനിധി യിന്മേൽ ചാർജ് ചെയ്തത്* (₹) | *ആകെ* (₹) |
| 24 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 80,00,00,000 | .. | 80,00,00,000 |
| | | | മൂലധനം | 63,92,01,000 | .. | 63,92,01,000 |
| 25 | XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | .. | *4,15,000* | 4,15,000 |
| 26 | XXVII | സഹകരണം | മൂലധനം | 3,00,00,000 | .. | 3,00,00,000 |
| 27 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 9,39,03,000 | .. | 9,39,03,000 |
| | | | മൂലധനം | 4,000 | .. | 4,000 |
| 28 | XXIX | കൃഷി | റവന്യൂ | 1,000 | .. | 1,000 |
| | | | മൂലധനം | 19,22,55,000 | *45,000* | 19,23,00,000 |
| 29 | XXX | ഭക്ഷ്യം | റവന്യൂ | 830,05,87,000 | .. | 830,05,87,000 |
| | | | മൂലധനം | 2,81,67,000 | .. | 2,81,67,000 |
| 30 | XXXI | മൃഗസംരക്ഷണം | റവന്യൂ | 1,15,85,000 | .. | 1,15,85,000 |
| | | | മൂലധനം | 46,58,000 | .. | 46,58,000 |
| 31 | XXXII | ക്ഷീരവികസനം | റവന്യൂ | 17,66,12,000 | .. | 17,66,12,000 |
| | | | മൂലധനം | 8,00,00,000 | .. | 8,00,00,000 |
| 32 | XXXIII | മത്സ്യബന്ധനം | റവന്യൂ | 110,00,00,000 | .. | 110,00,00,000 |
| | | | മൂലധനം | 129,15,57,000 | *47,49,000* | 129,63,06,000 |
| 33 | XXXIV | വനം | റവന്യൂ | .. | *7,29,000* | 7,29,000 |
| | | | മൂലധനം | 3,00,00,000 | .. | 3,00,00,000 |
| 34 | XXXV | പഞ്ചായത്ത് | മൂലധനം | 125,06,93,000 | .. | 125,06,93,000 |
| 35 | XXXVI | ഗ്രാമവികസനം | റവന്യൂ | .. | *83,000* | 83,000 |
| 36 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 42,16,12,000 | *7,94,000* | 42,24,06,000 |
| | | | മൂലധനം | 14,21,01,000 | *67,62,000* | 14,88,63,000 |
| 37 | XXXVIII | ജലസേചനം | റവന്യൂ | 80,51,78,000 | *1,31,31,000* | 81,83,09,000 |
| | | | മൂലധനം | .. | *2,91,30,000* | 2,91,30,000 |
| 38 | XXXIX | വൈദ്യുത പദ്ധതികൾ | റവന്യൂ | 3,02,000 | .. | 3,02,000 |
| | | | മൂലധനം | 27,24,55,000 | .. | 27,24,55,000 |
| 39 | XLI | ഗതാഗതം | റവന്യൂ | 12,50,00,000 | .. | 12,50,00,000 |
| | | | മൂലധനം | 1800,53,40,000 | *6,06,85,000* | 1806,60,25,000 |
| 40 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | റവന്യൂ | 1056,75,33,000 | .. | 1056,75,33,000 |
| 41 | | പൊതുകടം തിരിച്ചടവ് | മൂലധനം | .. | *12,33,37,000* | 12,33,37,000 |
| 42 | XLV | പലവക വായ്പകളും മുൻകൂറുകളും | മൂലധനം | 5,50,00,000 | .. | 5,50,00,000 |
| 43 | XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 110,48,14,000 | .. | 110,48,14,000 |
| | | | **ആകെ** | **17660,77,53,000** | ***1685,20,14,000*** | **19345,97,67,000** |

**ഉദ്ദേശ്യകാരണങ്ങളുടെ വിവരണം**

2021-2022 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിന്വേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരത ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച പ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

കെ. എൻ. ബാലഗോപാൽ.